# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.KKD/P1/1293/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 19/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KKD/P1/1293/2023 തീയ്യതി: 19/09/2023

## കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 05-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 14-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 14-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
2) ശ്രീമതി. രബിത.ടി.പി, ഓഡിറ്റ് ഓഫീസർ
3) ശ്രീമതി. ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5) ശ്രീമതി.വിനീത.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മോയത്ത് മുഹമ്മദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ എം.എ റഷീദ് | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ ഗിരീഷ് കുമാർ.കെ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പി.വി ശ്രീകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| ശ്രീ സൈനുദ്ദീൻ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ഡോ.നസ്രുൽ ഇസ്ലാം കെ.സി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2022 | 31-03-2023 |
| ഡോ.പ്രവീൺ കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 01-04-2022 | 31-03-2023 |
| ഡോ.ഷാദിയ എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ജ്യോതി വി ദേവ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ മനോജ് പി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നിഷ നമ്പാപൊയിൽ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മെർലിൻ അലക്സ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സെസ്സിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 03-01-2023 |
| ശ്രീമതി സുമില.കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീമതി ജീന.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-07-2022 |
| ശ്രീമതി ശിൽപ പ്രസാദ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 31-03-2023 |
| ശ്രീമതി ലിസി. എം.പി | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 30-04-2022 |
| ശ്രീമതി ജയശ്രീ വി.വി | ഹെഡ് മിസ്ട്രസ്സ് | 01-05-2022 | 05-07-2022 |
| ശ്രീ അഹമ്മദ് | ഹെഡ് മാസ്റ്റർ | 06-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ബഷീർ.കെ | | | |
| ശ്രീ സുരേഷ് കെ.പി | വി.ഇ.ഒ (കട്ടിപ്പാറ) | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു കെ | വി.ഇ.ഒ (ചമൽ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രികയിലെ അപാകത | 1-1-2 |
| 4 | സമയബന്ധിത ഡിമാന്റ് എൻട്രികൾ ഇല്ല | 1-1-3 |
| 5 | ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല | 1-1-4 |
| 6 | ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പ് - വ്യക്തതയില്ല | 1-1-5 |
| 7 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | Directly Debited By Bank തുകകൾ ക്രമീകരിച്ചില്ല | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല | 1-1-8 |
| 10 | വാർഷികകണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്ററിലെ അപാകത | 1-1-10 |
| 12 | ബഡ്ജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | സാമ്പത്തിക വിശകലനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | രസീതി പരിശോധനയിൽ കണ്ട അപാകതകൾ | 1-8 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-9 |
| 20 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-10 |
| 21 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് - പരിശോധന പൂർത്തിയാക്കിയിട്ടില്ല | 1-11 |
| 22 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി - കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല – പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-12 |
| 23 | പെരിങ്ങോട് IHDP കോളനി കുടിവെള്ള പദ്ധതി നവീകരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-13 |
| 24 | ടേക്ക് എ ബ്രേക്ക് നിർമ്മാണം - പ്രാരംഭ ഘട്ടത്തിൽ | 1-14 |
| 25 | വീട് വാസയോഗ്യമാക്കൽ - അർഹമായ ആനുകൂല്യം അനുവദിച്ചില്ല | 1-15 |

| | | |
|---|---|---|
| 26 | വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ധനസഹായം കൈപ്പറ്റി - പ്രവൃത്തി ആരംഭിച്ചില്ല | 1-16 |
| 27 | ടോയ് ലറ്റ് നിർമ്മാണം - ആദ്യ ഗഡു അനുവദിക്കാതെ അവസാന ഗഡു അനുവദിച്ചു | 1-17 |
| 28 | അധികമായി കളക്റ്റ് ചെയ്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല | 1-18 |
| 29 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-19 |
| 30 | ആർജ്ജിതാവധി കണക്കാക്കിയതിൽ അപാകത | 1-20 |
| 31 | അനധികൃത ഹാജരില്ലായ്മ – തുടർ നടപടികളിൽ അവ്യക്തത | 1-21 |
| 32 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണത്തിലെയും ഡാറ്റാബേസ് കാലികമാക്കുന്നതിലെയും അപാകതകൾ | 1-22 |
| 33 | വർഷങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ മുൻകൂർ തുകകൾ അഡ്ജസ്റ്റ് ചെയ്തില്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി - കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല – പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.23 തിയ്യതിയിലെ 10/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 03.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 സമർപ്പിക്കാത്ത പത്രികകൾ

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ളോ പത്രികയിലെ അപാകത

ക്യാഷ് ഫ്ളോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 സമയബന്ധിത ഡിമാന്റ് എൻട്രികൾ ഇല്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-4 ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പ് - വ്യക്തതയില്ല

ബാലൻസ് ഷീറ്റിലെ ബി.4 ഷെഡ്യൂൾ പ്രകാരം 13,689/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ഏതെല്ലാം പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ടതാണ് എന്ന് വ്യക്തമല്ല.

1-1-6 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. 30.08.2022 ലെ 42200227 നമ്പർ വൗച്ചർ പ്രകാരം അങ്കണവാടിയിലേക്ക് (സെന്റർ നമ്പർ 152) കുടിവെള്ള ടാങ്ക് വാങ്ങുന്നതിനായി (ആസ്തി നിർമ്മിക്കുന്നതിനായി) ചെലവഴിച്ച തുക 350109999 (Amount Payable To Other Creditors) എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

1-1-7 Directly Debited By Bank തുകകൾ ക്രമീകരിച്ചില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ( അക്കൗണ്ട് നം. 67391717309) 2022-23 സാമ്പത്തിക വർഷത്തെ എല്ലാ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിലും 250/- രൂപ (176+74) Directly Debited By Bank എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ( അക്കൗണ്ട് നം. 67391717309) മാർച്ച് മസത്തെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 65,978/- രൂപ Cheques Deposited But Not Cleared ആയി കാണിച്ചിട്ടുണ്ട്.

ഇവ തുടർ മാസങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.

1-1-9 വാർഷികകണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ടെണ്ടർ ഫോം വിൽപന രജിസ്റ്റർ, ലേല രജിസ്റ്റർ, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി സംബന്ധിച്ച് ഡി.സി.ബി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-1-10 ആസ്തി രജിസ്റ്ററിലെ അപാകത

ആസ്തി രജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-2 ബഡ്ജറ്റ്

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022ലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 15.03.2023 ലെ 24/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കപ്പെട്ടു. ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് | പുതുക്കിയ ബഡ്ജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8799266 | 8799266 |
| വരവ് | 286904000 | 225560101 |
| ആകെ | 295703266 | 234359367 |
| ചെലവ് | 285900500 | 224143361 |
| നീക്കിയിരിപ്പ് | 9802766 | 10216006 |

## 1-3 ഫണ്ട് വിനിയോഗം

(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16688335 | 16688335 | 16293749 | 394586 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6802405 | 6802405 | 6802405 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 674484 | 674484 | 575675 | 98809 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 7058300 | 7058300 | 4777452 | 2280848 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 8014000 | 8014000 | 6436912 | 1577088 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 43969 | 43969 | 0 | 43969 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 66045 | 3490809 | 3556854 | 1983242 | 1573612 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) | 0 | 1728626 | 1728626 | 713648 | 1014978 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS മുഖേന) | 3008808 | 4995100 | 7959808 | 2150560 | 5809248 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 106082043 | 121 | 65300979 | 21 | 25 | 61.56% |

## 1-5 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22188021 |
| വരവ് | 40863593 |
| ആകെ | 63051614 |
| ചെലവ് | 35652852 |
| നീക്കിയിരിപ്പ് | 27398762 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 371 | 4086000 |
| വിധവാപെൻഷൻ | 1095 | 11763400 |
| വാർദ്ധക്യകാല പെൻഷൻ | 1787 | 18253600 |
| വികലാംഗ പെൻഷൻ | 322 | 3554200 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 31 | 313600 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1 | 30000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.23 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 200/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 രസീതി പരിശോധനയിൽ കണ്ട അപാകതകൾ

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രസീതി ബുക്ക് നം. 15077, 15.12.2022 തീയതിയിൽ പി.എച്ച്.സി.

യിലേക്ക് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 20.12.2022 ന് രസീതി നം. 1 ൽ 236 രൂപ എ. ആർ ലാബ് സിസ്റ്റംസ്, എരഞ്ഞിപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും പ്രൊ. നം. 197 കുടുംബാരോഗ്യ കേന്ദ്രം, ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കു വേണ്ടി പിരിച്ചതായി കാണുന്നു. എന്നാൽ ചെലവു പത്രിക പ്രകാരം 2022-23 കാലയളവിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കലക്ഷൻ രജിസ്ററർ സൂക്ഷിക്കുകയോ പണം പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് രസീതിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ഉപയോഗിക്കാതെ ബാക്കിയുള്ള രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി എൻക്വയറി ( എൻക്വയറി നം. 16/22-23 തീയതി: 14.08.23 ) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പണം പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-9 ടാക്സ് ഓഡിറ്റ് - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ.

### വസ്തു നികുതി

ബജറ്റ് പ്രകാരം 2022-23 വർഷത്തെ പ്രതീക്ഷിത വസ്തുനികുതി വരവ് 33,00,000 രൂപയാണ്. എന്നാൽ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി വരവ് 30,35,843 രൂപയാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 7764 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 960 |
| വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 121 |
| ഓഫീസ് ആശ്യത്തിനുള്ള കെട്ടിടങ്ങൾ | 24 |
| മൊബൈൽ ടവറുകൾ | 8 |

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ, ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു.

വസ്തുനികുതി പിരിവ് പുരോഗതി – ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

09.12.2022, 07.01.2023, 07.02.2023 എന്നീ തീയതികളിലെ യോഗങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തുനികുതി പിരിവ് പുരോഗതി വിലയിരുത്തുകയും നികുതി പിരിവ് നൂറു ശതമാനത്തിലെത്തിക്കുന്നതിനായി ക്യാമ്പ് സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു. (തീ. നം. 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനങ്ങൾ 15.03.2023 ലെ ഭരണസമിതിയുടെ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇ-പേയ്മെന്റ് – വരവുകൾ

പഞ്ചായത്തിലെ ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി എസ്.ബി.ഐ താമരശ്ശേരി അക്കൗണ്ട് നം. 67391717309 ലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല.

വസ്തു നികുതി പരിഷ്കരണം

വസ്തു നികുതി പരിഷ്കരണം 2023-24 പ്രകാരമുള്ള പുതിയ നിരക്ക് 27.06.2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 9/1 നം. തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ചു. സഞ്ചയയിൽ അപ്ഡേഷൻ വരാത്തതിനാൽ പുതിയ നിരക്കിൽ നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല. നിലവിൽ 5 ശതമാനം വർദ്ധനവോടു കൂടി വസ്തു നികുതി ഈടാക്കുന്നുണ്ട്.

സേവന ഉപനികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-10 തൊഴിൽനികുതി പിരിവിലെ അപാകതകൾ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) വ്യാപാരികളിൽ നിന്ന് ഈടാക്കിയ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഡിമാന്റ് - കലക്ഷൻ - ബാലൻസ് തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

2) ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പാർപ്പിടേതര ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ട 1530 കെട്ടിടങ്ങളുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം ആകെ 214 FTEAOS ലൈസൻസുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന കെട്ടിടങ്ങളിൽ കച്ചവട സ്ഥാപനങ്ങളോ വ്യവസായങ്ങളോ പ്രവർത്തിച്ചു വരുന്നുണ്ടോ എന്ന് പരിശോധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് യുക്തമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വാഹന ഉടമകൾ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയോ അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

4) തൊഴിൽ നികുതി ബാധ്യതയുള്ള ജീവനക്കാരെ സംബന്ധിച്ച് തൊഴിലുടമ ലഭ്യമാക്കുന്ന വിവരങ്ങളുടെ

കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ഉദാഹരണമായി റൂബി സ്റ്റോൺ ക്രഷർ എന്ന സ്ഥാപനം 2022-23 സാമ്പത്തിക വർഷം FTEAOS ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 10 ജീവനക്കാർ ഉള്ളതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം 5 ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2022-23 തീയതി 14.08.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യതപ്പെട്ട എല്ലാവരിൽ നിന്നും ചട്ടപ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് - പരിശോധന പൂർത്തിയാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതും ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. കേരള പഞ്ചായത്ത് രാജ് ( Issue Of Licence To Factories, Traders, Entrepreneurship Activities) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1105 കെട്ടിടങ്ങൾ ഉണ്ട്. 4 കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. 1101 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടാകാൻ ഇടയുണ്ട്. ലഭ്യമായ കണക്ക് പ്രകാരം 2022-23 വർഷത്തിൽ എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ 262 കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ ഉപയോഗിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ചട്ട പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ചട്ടപ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്നുറപ്പുവരുത്തേണ്ട താണ്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനു നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ചട്ടപ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 4 /2022-23 തീയതി: 11.08.2023)

## 1-12 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി - കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല – പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

പ്രോജക്ട് :- അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം, 171/23

നിർവ്വഹണം :- അസി. എഞ്ചിനീയർ

അടങ്കൽ :- 25,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് :- 13,58,285/- ബിൽ നം. 415/30.3.22

6,36,648/- ബിൽ നം. 213/9.2.23

2021-22 വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണിത്. എം.സി.എഫിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിലൂടെ കടന്നു പോകുന്ന തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടി സ്ഥലം മണ്ണിട്ടുയർത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൾ സലീം എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കരാറുകാരന്റെ മണ്ണുപയോഗിച്ച് സ്ഥലം ഫിൽ ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നത് PRICE ലെ ഇനം 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവ ഫിൽ ചെയ്യുന്നതിനുള്ള ഇനമാണെന്ന് വ്യക്തമാകുന്നു. എന്നാൽ അളവു പുസ്തകം, ലെവൽ ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും 20 X 37.5 (Avrg) മീറ്റർ, 16 X 34.5 (Avrg) മീറ്റർ, 20 X 23.5 (Avrg) മീറ്റർ എന്നീ അളവുകളിൽ ഏകദേശം ഒന്നര മീറ്റർ ഉയരത്തിലാണ് ഫില്ലിംഗ് നടന്നിരിക്കുന്നത്. ഇത്തരത്തിൽ വലിയ ഏരിയയിൽ ഫില്ലിംഗിനായി PRICE ലെ ഇനം 50.2.26.1 ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇനം 50.2.25.1 ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം 50.2.25.1 ഉൾപ്പെടുത്തിയതിനാൽ ചെലവ് | ഇനം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് |
|---|---|
| എസ്റ്റിമേറ്റ് നിരക്ക് - 407.92<br>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് - 275 (32.58% കുറവ്)<br>ചെയ്ത ആകെ അളവ് - 2356.568 $M^3$<br>ചെലവ് - 2356.568 X 275= 6,48,056.2 | 50.2.26.1 ന്റെ നിരക്ക് - 261.12 (ടെണ്ടർ കുറവ് കണക്കാക്കാതെ)<br>വരുമായിരുന്ന ചെലവ് - 2356.568 X 261.12 = 6,15,347.04 |
| അധിക ചെലവ് - 32,709/- | |

മുകളിൽ കണക്കാക്കിയത് ടെണ്ടർ കുറവ് ലഭിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്താൽ ഒഴിവാക്കാമായിരുന്ന അധിക ചെലവാണ്. കരാറുകാരൻ ഫില്ലിംഗിന് ക്വാട്ട് ചെയ്ത 32.58% ടെണ്ടർ കുറവ് പരിഗണിച്ചാൽ ഈ നഷ്ടം 2,33,182.4/- രൂപയായി മാറും.

അളവു പുസ്തകം 81/21-22 പേജ് 3 (അളവ് തിയ്യതി 1.1.22), 40/21-22 പേജ് 2 (അളവ് തിയ്യതി 10.3.22) എന്നിവ പ്രകാരം യഥാക്രമം 50.88$m^3$, 16.18$m^3$ മണ്ണ് കുഴിച്ചുമാറ്റിയിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയപ്പോൾ (അളവ് തിയ്യതി 14.3.22) 50.88 $M^3$ അളവു മാത്രമേ കുറവു വരുത്തിയിട്ടുള്ളൂ. ആയതിനാൽ ഫില്ലിംഗിന് അധിക ചെലവുണ്ടായി. അളവു പുസ്തകം 81/21-22 പേജ് 18 പ്രകാരം കണക്കാക്കിയതും, യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നതുമായ വിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക (പാർട്ട് ബില്ലിനായി കണക്കാക്കിയത്) | യഥാർത്ഥത്തിൽ കണക്കാക്കേണ്ട തുക |
|---|---|
| ആകെ അളവ് - 1976.75$M^3$ | ആകെ അളവ് - 1976.75$M^3$ |
| കുറയ്ക്കുക(കുഴിച്ചെടുത്ത മണ്ണ്) - 50.88$M^3$ | കുറയ്ക്കുക(കുഴിച്ചെടുത്ത മണ്ണ്)-50.88+16.18$M^3$ |
| 1925.87 | 1909.69 |
| (-)10% Consolidation - 192.59 | (-)10% Consolidation - 190.97 |
| 1733.28 | 1718.72 |
| നൽകിയ തുക = 1733.28 X 275 =4,76,652/- | നൽകേണ്ട തുക = 1718.72 X275 =4,72,648/- |

അധികം നൽകിയ തുക - 4004/-

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്താതിരുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, മേൽ രണ്ടു വിധത്തിൽ പഞ്ചായത്തിനുണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവു രേഖപ്പെടുത്തി തുക നൽകിയതുമായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 പെരിങ്ങോട് IHDP കോളനി കുടിവെള്ള പദ്ധതി നവീകരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെട്ടതാണ് മേൽ പദ്ധതി (പ്രോ. നം. 174/23). 3,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിൽ തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനും, ആയതിന്റെ അനുബന്ധ സാമഗ്രികൾക്കുമായാണ് ആയത് തയ്യാറാക്കിയതെന്ന് കാണുന്നു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന വിവരങ്ങളിൽ വ്യക്തതയില്ലാതെയാണ് പദ്ധതി രൂപീകരിച്ചതെന്ന് മനസ്സിലാകുന്നു.

- നവീകരണ പ്രവൃത്തിയായി രൂപീകരിച്ച ഈ കുടിവെള്ള പദ്ധതിയ്ക്ക് നിലവിലുള്ള കിണർ, ടാങ്ക്, മോട്ടോർ എന്നിവ ലഭ്യമാണോയെന്നും, ലഭ്യമാണെങ്കിൽ അവ പ്രവർത്തന/ഉപയോഗക്ഷമമാണോയെന്നും ഉറപ്പുവരുത്തിയിട്ടില്ല.
- പമ്പിംഗ് മെയിൻ മാത്രമാണോ ആവശ്യമുള്ളതെന്നോ, ഡിസ്ട്രിബ്യൂഷൻ സംവിധാനം നിലവിലുണ്ടോയെന്നും വ്യക്തമല്ല.
- സർക്കാർ ഉത്തരവ് (കൈ)നം. 115/2022/ത.സ്വ.ഭ.വ, തിയ്യതി: 28.05.2022 ഖണ്ഡിക 7 iv യിൽ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗ്രൂപ്പ് ഏറ്റെടുക്കുമെന്ന കരാറിൽ ഏർപ്പെടുകയും ചെയ്ത ശേഷമേ പ്രവൃത്തി നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂവെന്നും നിഷ്കർഷിക്കുന്നു. ഇത്തരത്തിൽ ഗുണഭോക്തൃ കമ്മിറ്റിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ലഭ്യമല്ല. അതുകൊണ്ടു തന്നെ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമല്ല.
- ഓരോ ഗുണഭോക്താവിനും വെള്ളം ലഭിക്കുന്നതിന് നിലവിൽ ലഭ്യമായതും, ഇനി സജ്ജമാക്കേണ്ടതുമായ പ്രവൃത്തികളുടെ വിവരം കണക്കാക്കിയിട്ടില്ല.

പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി ഭാഗികമായി മാത്രമേ നടന്നതായി കാണുന്നുള്ളൂ. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപ്പുവർഷം പദ്ധതി രൂപീകരിച്ചിട്ടില്ല. മേൽ വിവരങ്ങളിൽ വ്യക്തതയില്ലാതെ ഒരു പദ്ധതി രൂപീകരിച്ച് ഭാഗികമായി നിർവ്വഹണം നടത്തിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. മേൽ വിവരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, പദ്ധതി ഉപയോഗപ്രദമാക്കി ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് കൈമാറിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 ടേക്ക് എ ബ്രേക്ക് നിർമ്മാണം - പ്രാരംഭ ഘട്ടത്തിൽ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും

ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ.(കൈ)39/2020/ത.സ്വ.ഭ.വ, തീയതി.20/02/2020, സ.ഉ.(കൈ) 45/2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ) നം. 1401/2020/ത.സ്വ.ഭ.വ.യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിലാണ് ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനുള്ള പദ്ധതി രൂപീകരിച്ചിരിക്കുന്നത്. രണ്ടു പദ്ധതികളാണ് ഓഡിറ്റ് വർഷം രൂപീകരിച്ചിരിക്കുന്നത് .

1. ടേക്ക് എ ബ്രേക്ക് (പ്രോ. നം. 159/23)

അടങ്കൽ - 9,69,153/- സംസ്ഥാനാവിഷ്കൃത ഫണ്ട്

2. ടേക്ക് എ ബ്രേക്ക് ടോയ് ലെറ്റിന് ചുറ്റുമതിൽ നിർമ്മാണം (പ്രോ. നം. 211/23)

അടങ്കൽ - 4,90,000/- കേന്ദ്രാവിഷ്കൃത ഫണ്ട്

ആദ്യ പദ്ധതിയിൽ കെട്ടിടത്തിനായി കോൺക്രീറ്റ് കോളം സ്ട്രക്ച്ചർ നൽകി റൂഫ് സ്ലാബ് വരെയുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പല കാരണങ്ങളാൽ എസ്റ്റിമേറ്റ് പുതുക്കുകയും പ്ലിന്ത് ലെവൽ വരെയുള്ള നിർമ്മാണങ്ങൾ മാത്രം പൂർത്തീകരിക്കുകയുമാണ് ചെയ്തത്. രണ്ടാമത്തെ പദ്ധതിയിൽ ചുറ്റുമതിലിനായി കരിങ്കൽ അടിത്തറയും മുകളിലേയ്ക്ക് സോളിഡ് ബ്ലോക്ക് ചുറ്റുമതിലുമാണ് വിഭാവനം ചെയ്തത്. എന്നാൽ ഇവിടെയും എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും, അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ പ്ലിന്ത് ലെവലിനും താഴെ മാത്രം വരുന്ന വിധത്തിൽ നിർമ്മാണം അപൂർണ്ണമായി പൂർത്തീകരിക്കുകയുമാണ് ചെയ്തത്.

<u>നിർമ്മാണ സ്ഥലം</u>

താമരശ്ശേരി വയനാട് ഹൈവേയുടെ വശത്ത് അമ്പായത്തോട് എന്ന സ്ഥലത്താണ് നിലവിൽ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. രണ്ടു വർഷത്തോളം അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനത്തിലായിരുന്നു ഗ്രാമപഞ്ചായത്ത്. രാരോത്ത് വില്ലേജിലെ റീ.സർവ്വേ നമ്പർ 2/1 ൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മൂന്നു സെന്റ് ഭൂമി (മിച്ച ഭൂമി) ഇതിനായി ഗ്രാമപഞ്ചായത്ത് കണ്ടെത്തുകയും, ആയതിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട്, ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കോഴിക്കോട് ജില്ലാ കളക്ടർ താൽക്കാലിക ഉപയോഗത്തിനായി പഞ്ചായത്തിന് വിട്ടു നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട് (4.6.2022 ലെ DCKKD/7093/2021/L1). പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് ഈ ഉത്തരവ് നൽകിയിട്ടുള്ളതെന്നും, ആയതിനാൽ ഭൂമി താൽക്കാലികമായി അനുവദിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മേൽ ഭൂമി ലീസിന്/ ഭൂമി വിലയ്ക്ക് വാങ്ങൽ പദ്ധതികൾ പ്രകാരം ആറു മാസത്തിനകം ക്രമവത്കരിക്കേണ്ടതാണെന്നും ഉത്തരവിൽ വിവരിക്കുന്നു. എന്നാൽ ഈ നടപടികൾ നിലവിലും പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

മുകളിൽ വിവരിച്ച രീതിയിൽ കെട്ടിട നിർമ്മാണം പ്ലിന്ത് ലെവലിലും, കോമ്പോഡ് വാൾ നിർമ്മാണം പ്ലിന്ത് ലെവലിനും താഴെ ഭാഗികമായുമുള്ള അവസ്ഥയിലാണുള്ളത്. 2023-24 വർഷത്തിൽ പ്രോജക്ട് നമ്പർ 60/24 ആയി 20,00,000/- രൂപ അടങ്കലിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ടേക്ക് എ ബ്രേക്ക് പൂർത്തീകരണം എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിലും മുഴുവൻ പൂർത്തീകരണ പ്രവൃത്തികളും ഉൾപ്പെട്ടിട്ടില്ലെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും

വ്യക്തമാകുന്നു. കെട്ടിടത്തിന്റെ കോളം സ്ട്രക്ച്ചർ പൂർത്തീകരിച്ച് ചുമർകെട്ടി റൂഫ് വാർക്കുന്നതിനും, അനുബന്ധ സൗകര്യങ്ങളായ കിണർ, സോക്ക് പിറ്റ്, സെപ്റ്റിക് ടാങ്ക്, കോമ്പോഡ് വാൾ പൂർത്തീകരണം എന്നിവ മാത്രമേ ഇതിൽ ഉൾപ്പെട്ടിട്ടുള്ളൂ. പുതിയ പദ്ധതി രൂപീകരിച്ചപ്പോഴും മുഴുവൻ പ്രവൃത്തികളും ഉൾപ്പെടും വിധം പൂർത്തീകരണത്തിന് പദ്ധതി തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

ടേക്ക് എ ബ്രേക്കിനായി കണ്ടെത്തിയ സ്ഥലം അനുയോജ്യമാണെങ്കിലും നിർമ്മാണം നിലവിലും പ്രാരംഭദശയിൽ മാത്രമാണുള്ളത്. സർക്കാർ വിഭാവനം ചെയ്ത രീതിയിൽ ലക്ഷ്യം കൈവരിക്കുന്നതിന് ഇനിയും വലിയ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതേ ദേശീയപാതയോരത്ത് (ഏകദേശം അഞ്ചു കി. മീറ്റർ ദൂരത്തിനുള്ളിൽ) സമീപ പഞ്ചായത്തുകളുടെ രണ്ടു ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങളും ഉണ്ടെന്നിരിക്കെ നിർമ്മാണം പൂർത്തീകരിച്ചാലും ഇവയുടെ കാര്യക്ഷമമായ നടത്തിപ്പ് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ശ്രമകരമായ കാര്യമാണ്. നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനും, സർക്കാർ വിഭാവനം ചെയ്ത രീതിയിൽ പൊതുജനത്തിന് സൗകര്യപ്രദമാക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-15 വീട് വാസയോഗ്യമാക്കൽ - അർഹമായ ആനുകൂല്യം അനുവദിച്ചില്ല

പ്രൊജക്റ്റ് നമ്പർ - 122/23

അടങ്കൽ - 11,25,000 (വികസന ഫണ്ട്, ജനറൽ)

തൻ വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന പുനരുദ്ധാരണത്തിന് (ജനറൽ) 15 ഗുണഭോക്താക്കൾക്കായി 75,000/- രൂപ നിരക്കിൽ ചുവടെ കൊടുക്കും പ്രകാരം 11,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4,87,500/- ബിൽ നമ്പർ 04/12.12.22

75,000/- ബിൽ നമ്പർ 05/24.12.22

1,00,000/- ബിൽ നമ്പർ 06/31.01.23

4,62,500/- ബിൽ നമ്പർ 07/16.03.23

28.05.22 ലെ 115/22/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 അനുസരിച്ച് ഭവന പുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ എഞ്ചിനീയറുടെ വാല്വേഷൻ 75,000/- രൂപയിൽ പരിമിതപ്പെടുത്തി തൻവർഷം മുഴുവൻ ഗുണഭോക്താക്കൾക്കും 75,000/- നിരക്കിലാണ് അനുവദിച്ചത്. ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം അനുവദിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 10/ 22-23 തിയതി 14.08.23) പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പ്രൊജക്റ്റിന് 11,25,000/- രൂപയാണ് അനുവദിച്ചതെന്നും ആയതിനാലാണ് ഒരു ഗുണഭോക്താവിന് 75,000/- രൂപ വീതം അനുവദിക്കേണ്ടി വന്നതെന്നും വി.ഇ.ഒ 14.08.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്താതെ, കൂടുതൽ എണ്ണം ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി അർഹമായ തുക അനുവദിക്കാത്തത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ധനസഹായം കൈപ്പറ്റി - പ്രവൃത്തി ആരംഭിച്ചില്ല

വി.ഇ.ഒ കട്ടിപ്പാറ 2021-22 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതി (പ്രൊജക്റ്റ് നമ്പർ - 90/21-22) പ്രകാരം 14.9.21 ന് 50,000/- രൂപ ആദ്യഗഡു കൈപ്പറ്റിയ ശ്രീമതി ദേവകി സി. കെ, കാരപ്പറ്റ പുറായിൽ എന്ന ഗുണഭോക്താവ് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും തുടർന്നുള്ള ഗഡു കൈപ്പറ്റിയിട്ടില്ല എന്നും ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാണുന്നു. 4.01.23 ന് വി.ഇ.ഒ ഗുണഭോക്താവിന് അയച്ച കത്തിൽ, കരാർ വെച്ച് തുക കൈപ്പറ്റി വീടിന്റെ റിപ്പയർ പ്രവൃത്തി ആരംഭിക്കാത്തത് കരാർ ലംഘനമാണെന്നും നോട്ടീസ്

കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ പണി ആരംഭിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക നിയമാനുസൃത പലിശ സഹിതം തിരിച്ചടക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ടെങ്കിലും നാളിതുവരെ തുക ഈടാക്കിയതായോ പ്രവൃത്തി ആരംഭിച്ചതായോ കാണുന്നില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 9/22-23 തിയതി 14.08.23) 31.01.23 ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും റിക്കവറി നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും പരാമർശിച്ച് 14.08.23 ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 ടോയ് ലറ്റ് നിർമ്മാണം - ആദ്യ ഗഡു അനുവദിക്കാതെ അവസാന ഗഡു അനുവദിച്ചു

നിർവ്വഹണം വി.ഇ.ഒ

പ്രൊജക്റ്റ് നമ്പർ 16/23

ചെലവ് തുക 1,32,000 (ശുചിത്വമിഷൻ)

2021-22 വർഷം 207/22 നമ്പർ പ്രൊജക്റ്റ് പ്രകാരം ടോയ്‌ലെറ്റ് നിർമ്മാണത്തിന് 3,400/- രൂപ വീതം അഡ്വാൻസ് തുക അനുവദിച്ച (3,400/- വീതം 10 ഗുണഭോക്താക്കൾക്ക് 34,000/- രൂപ) ഗുണഭോക്താക്കൾക്ക് അവസാന ഗഡു അനുവദിക്കുന്നതാണ് പ്രൊജക്റ്റ്. ആയത് പ്രകാരം തൻവർഷം 12,000/ രൂപ വീതം 11 ഗുണഭോക്താക്കൾക്ക് 1,32,000/- രൂപ ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ പുഷ്പ പൂവൻ മലയിൽ എന്ന ഗുണഭോക്താവിന് ആദ്യ ഗഡു അനുവദിക്കാതെയാണ് 12,000/- രൂപ അനുവദിച്ചത്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 11/22-23 തിയതി 13.08.23), ക്ലറിക്കൽ പിശക് കാരണമാണ് ആദ്യഗഡു അനുവദിക്കാത്തതെന്നും 2023-24 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതാണെന്നും വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനസഹായം അനുവദിച്ച് അറിയിക്കേണ്ടതാണ്.

1-18 അധികമായി കളക്റ്റ് ചെയ്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

പ്രൊജക്റ്റ് നമ്പർ 118/23 ആയി വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത വനിതകൾക്ക് പോത്തിൻകുട്ടി വിതരണം എന്ന പദ്ധതിയിൽ 46 ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 7,52,000/- രൂപ (3,76,000 – ഗു. വിഹിതം, 3,76,000 - പദ്ധതി വിഹിതം) ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം 46 ഗുണഭോക്താക്കളിൽ നിന്നും കളക്റ്റ് ചെയ്യുന്നതിന് പകരം 47 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടുണ്ട്. ആനുകൂല്യം അനുവദിക്കാത്ത ഗുണഭോക്താവായ ശ്രീമതി ഷാനിഫ ഖാദർ എന്ന ഗുണഭോക്താവിൽ നിന്നും അധികമായി കളക്റ്റ് ചെയ്ത 8,000/- രൂപ (രശീത് നമ്പർ 15078/42 തിയതി 31.01.23) തിരികെ നൽകാതെ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 17/22-23 തിയതി 14.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ചറിയിക്കേണ്ടതാണ്.

1-19 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 115/23 | ഡി. പി. സി സെക്രട്ടേറിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 2,00,000 - വികസന ഫണ്ട് - | ജില്ലാ കളക്ടർ, കോഴിക്കോട് |

| | | | | |
|---|---|---|---|---|
| | | | പൊതു വിഭാഗം | 2,00,000<br>ബിൽ നമ്പർ – 068/22-23, തീയതി 30.9.2022 |
| 2 | 111/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 84,343 -<br>വികസന ഫണ്ട് - പൊതു വിഭാഗം | ഐ. കെ. എം, തിരുവനന്തപുരം<br>84,343 -<br>ബിൽ നമ്പർ – 521/22-23, തീയതി 23.8.2022 |
| | | ആകെ | 2,84,343 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 8.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 2,84,343/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ആർജ്ജിതാവധി കണക്കാക്കിയതിൽ അപാകത

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ, താഴെ പറയുന്ന ജീവനക്കാരുടെ ആർജ്ജിതാവധി കണക്കാക്കിയതിൽ അപാകത ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീമതി ജൂബി കെ. ജി, ഹെഡ് ക്ലാർക്ക്

സേവന പുസ്തകം പേജ് 17, 135 എന്നിവ പ്രകാരം ടിയാരിക്ക് 23.07.07 മുതൽ 04.12.07 വരെ അനുവദിച്ച 135 ദിവസത്തെ പ്രസവാവധി ആർജ്ജിതാവധി കണക്കാക്കുന്ന ദിവസങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. തെറ്റായി ക്രഡിറ്റിൽ രേഖപ്പെടുത്തിയ 123/11 അവധികൾ നീക്കിയിരിപ്പിൽ കുറക്കേണ്ടതാണ്.

2. ശ്രീമതി ജലജ എ, ഓഫീസ് അറ്റന്റന്റ്

ടിയാൾക്ക് ചുവടെ ചേർത്ത പ്രകാരം അനുവദിച്ച പരിവർത്തിതാവധികൾ കുറവ് ചെയ്യാതെയാണ് (സേവന പുസ്തകം പേജ് 122 ) ആർജ്ജിതാവധി കണക്കാക്കിയത് എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| HPL അക്കൌണ്ട് പ്രകാരം അനുവദിച്ച പരിവർത്തിതാവധികൾ(സേവന പുസ്തകം പേജ് 122 ) | ആകെ അവധികൾ |
|---|---|
| 6.7.20 മുതൽ 18.07.20 വരെ | 13 |
| 28.12.20 മുതൽ 13.01.21 വരെ | 17 |
| 22.07.21 മുതൽ 03.08.21 വരെ | 13 |
| 20.12.20 മുതൽ 01.01.22 വരെ | 13 |
| 29.06.20 മുതൽ 01.07.22 വരെ | 3 |

| | |
|---|---|
| ആകെ | 59 |

ആർജ്ജിതാവധി കണക്കാക്കുന്ന ദിവസങ്ങളിൽ നിന്ന് മേൽ സൂചിപ്പിച്ച പ്രകാരം ആകെ 62 അവധികൾ കുറവ് ചെയ്യാത്തതു വഴി അധികം ക്രഡിറ്റ് ചെയ്ത 54/11 ആർജ്ജിതാവധികൾ നീക്കിയിരിപ്പിൽ കുറവ് ചെയ്യേണ്ടതാണ്.

1-21 അനധികൃത ഹാജരില്ലായ്മ – തുടർ നടപടികളിൽ അവ്യക്തത

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി ആയി ജോലി നോക്കി വരുന്ന 78 ക്ലർക്കുമാരെ പഞ്ചായത്ത് വകുപ്പിലേക്ക് സൂപ്പർ ന്യൂമററി തസ്തികയിൽത്തന്നെ പുനർവിന്യസിച്ചുകൊണ്ട് സ.ഉ(കൈ)നം.14/2020 പൊ.ഭ.വ തിയതി 22.1.20 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സിറ്റി പോലീസിൽ ക്ലർക്ക് തസ്തികയിൽ (സൂപ്പർ ന്യൂമററി) ജോലി ചെയ്തു വരുന്ന ശ്രീ. അഖീൽ അൻസാരി ടി. എന്നവരെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലേക്ക് പുനർവിന്യസിക്കുകയും 5.10.20 പൂർവാഹ്നത്തിൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ജോലി ചെയ്തു വരവെ 18.12.20 മുതൽ 16.01.21 വരെ 30 ദിവസത്തെ അവധി അപേക്ഷ (Eligible Leave) 24.12.20 നം 18.01.21 മുതൽ 31.03.21 വരെയുള്ള അവധി അപേക്ഷ (E/L) 15.01.21 നം സമർപ്പിക്കുകയും തുടർന്ന് 18.12.20 മുതൽ 31.12.21 വരെയുള്ള മുഴുവൻ അവധികളും ശൂന്യവേതനാവധിയായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് 18.10.21 ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് 01.01.22 മുതൽ 30.06.22 വരെയുള്ള അവധി അപേക്ഷ ( Eligible Leave) 01.07.22 മുതൽ 31.12.22 വരെയുള്ള അവധി അപേക്ഷ ( Eligible Leave) 31.05.22 നം ലഭ്യമാക്കുകയുണ്ടായി. എന്നാൽ മേൽ അപേക്ഷകളിലെല്ലാം തന്നെ അവധി അനുവദിച്ച് ഉത്തരവാകുന്നതിന് മുൻപു തന്നെ ടിയാൻ അവധിയിൽ പ്രവേശിച്ചിട്ടുള്ളതും 01.01.22 മുതൽ അനധികൃതമായി കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ഹാജരാകാതിരിക്കുകയുമാണ് എന്ന് ഫയൽ പ്രകാരം കാണുന്നു. ആയത് പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 05.08.22 ന് ടിയാന്റെ അവധി അപേക്ഷയിൽ തീർപ്പുണ്ടാകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കയച്ച കത്തിൽ (401142/HRLR10/GPO/22 /1039/(1)) 18.12.20 മുതൽ ടിയാൻ അവധിയ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടുള്ളതും ടി തീയതി മുതൽ ഓഫീസിൽ ഹാജരായിട്ടില്ലാത്തതുമാണ് എന്നും നാളിതുവരെ അവധികൾ അനുവദിച്ച് ഉത്തരവായിട്ടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 16.08.22 ലെ DDP-KKD/1130/22-A6 നമ്പറായി ശ്രീ. അഖീൽ അൻസാരിക്കെതിരായുള്ള കുറ്റാരോപണ മെമ്മോയിൽ 01.01.22 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 18.12.20 മുതൽ 31.12.21 വരെയുള്ള ടിയാന്റെ അവധി അനുവദിച്ച് ഉത്തരവായിട്ടുള്ളതായി ഫയലിൽ രേഖകളില്ല. ആയതിനാൽ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് എന്നു മുതലാണ് എന്നു വ്യക്തമല്ല. ഉത്തരവായിട്ടുണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ (സിവിൽ സ്റ്റേഷൻ, കോഴിക്കോട്) 16.08.22 ലെ DDP-KKD/1130/22-A6 നമ്പർ കുറ്റാരോപണ മെമ്മോയിൽ, 1960- ലെ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങൾ) ചട്ടങ്ങളിലെ ചട്ടം 15 ന് കീഴിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള തുടർ നടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതാണെന്നും വാദപ്രതിവാദ പത്രിക നൽകുന്നതിനായി നോട്ടീസ് ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിക്കുന്നതായും വ്യക്തമാക്കുന്നുണ്ട്. നേരിട്ടു കേൾക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അക്കാര്യം കൂടി അറിയിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ടിയാൻ കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി ലഭ്യമാക്കിയതായോ ടിയാനെ നേരിൽ കേട്ടതായോ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. നിർദ്ദിഷ്ട സമയത്തിനകം മറുപടി ലഭിക്കുന്നില്ലെങ്കിൽ യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിര തുടർ നടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണത്തിലെയും ഡാറ്റാബേസ് കാലികമാക്കുന്നതിലെയും അപാകതകൾ

ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ആകെ 3606 ഗുണഭോക്താക്കളുണ്ട്. ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണം, പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) മരണപ്പെടുന്നതും പുനർവിവാഹം ചെയ്യുന്നതുമായ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവു പ്രകാരം വിവരശേഖരണവും പരിശോധനകളും നടത്തി പെൻഷൻ ഡാറ്റാബേസ് കാലികമാക്കുന്നില്ല. നിലവിലുള്ള 3606 ഗുണഭോക്താക്കളിൽ 2022 ഡിസംബർ മാസം മസ്റ്ററിങ്ങ് പൂർത്തീകരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ, പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്യാതിരുന്ന 195 പേരുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ പെട്ട 157 ഗുണഭോക്താക്കൾ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവരിൽ ആരെയും ഇതുവരെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് നീക്കം ചെയ്തിട്ടില്ല. ഇവരുടെ പെൻഷൻ നിലവിൽ താൽക്കാലികമായി തടഞ്ഞു വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ പ്രാദേശിക സർക്കാർ പരിധികളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ ഇൻഫർമേഷൻ കേരള മിഷൻ "സേവനയുമായി" പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം ഗ്രാമപഞ്ചായത്ത് ഇതുവരെ വിവരങ്ങൾ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിലേക്ക് കൈമാറിയിട്ടില്ല.

മസ്റ്ററിങ്ങ് നടത്താത്തതുമൂലം വർഷങ്ങളായി പെൻഷൻ തടഞ്ഞു വയ്ക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിന്റെ പെൻഷൻ ഡാറ്റാ ബേസിൽ ഉണ്ട്. ഇവർ മരണപ്പെട്ടു പോയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഡാറ്റാബേസിൽ മാറ്റങ്ങൾ വരുത്തുന്നില്ല. സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യായ വിവരങ്ങൾ പ്രകാരം മൂന്ന് വർഷത്തിലേറെയായി പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പെൻഷൻ വിവരം | തടഞ്ഞു വയ്ക്കൽ ആരംഭിച്ച മാസം | തടഞ്ഞു വച്ചതിനുള്ള കാരണം |
|---|---|---|---|---|
| 1 | പവിത്രൻ | വികലാംഗ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230300096 | 2019 ഒക്ടോബർ മാസം മുതൽ | മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | മറിയ | വിധവ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230600176 | 2019 ആഗസ്റ്റ് മാസം മുതൽ | മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 3 | മുഹമ്മദ് കെ. പി | വാർദ്ധക്യ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230200889 | 2019 ആഗസ്റ്റ് മാസം മുതൽ | മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |

മേൽ പട്ടികയിൽ ക്രമ നം. 3 പ്രകാരം പരാമർശിച്ചിട്ടുള്ള മുഹമ്മദ് കെ. പി എന്ന ഗുണഭോക്താവിന്റെ 2018 ഡിസംബർ മുതൽ 2019 ജൂലായ് വരെയുള്ള മാസങ്ങളിലെ പെൻഷൻ ടിയാൾ മരണപ്പെട്ടു കാരണം കൈമാറാൻ കഴിഞ്ഞില്ല എന്ന് സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിനെ ഡാറ്റാബേസിൽ നിന്ന് നീക്കം ചെയ്യാതെ 2019 ആഗസ്റ്റ് മാസം മുതൽ നാളിതുവരെയുള്ള പെൻഷൻ തുക മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാണിച്ച് തടഞ്ഞുവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. പെൻഷൻ ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിലെ ഗുരുതരമായ വീഴ്ചയാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ പെൻഷൻ പോലും പരിശോധിച്ച് റദ്ദ് ചെയ്യപ്പെടുന്നില്ല. താഴെ പറയുന്ന ഗുണഭോക്താക്കളുടെ മരണം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ തന്നെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിലും അവരെ ഇതുവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്തിട്ടില്ല. ഇവരുടെയെല്ലാം നിലവിലെ പെൻഷൻ സ്റ്റാറ്റസ് "ആക്ടീവ് " എന്നാണ് സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ കാണിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ്/ വീട്ട് നമ്പർ | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി |
|---|---|---|---|---|
| 1 | ഇമ്പിച്ചായിശ | 8/35 | 112230201323 | 24.05.2023 |
| 2 | എൻ. രാധാകൃഷ്ണൻ | 5/324 | 112230200335 | 18.06.2023 |
| 3 | അബൂബക്കർ മുസല്യാർ. എൻ | 4/127 | 112230201535 | 05.05.2023 |

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മരണപ്പെട്ടതായി പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനത്തിൽ നിന്ന് വിവരം ലഭിച്ച ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നില്ല . അവരിൽ പലരുടെയും പെൻഷൻ നിലവിലും വിതരണത്തിനായി സഹകരണ സ്ഥാപനത്തിന് നൽകി വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പെൻഷൻ വിവരം | മരണപ്പെട്ടു മൂലം തുക നൽകാനാവാത്തതായി ആദ്യമായി രേഖപ്പെടുത്തിയ മാസം |
|---|---|---|---|
| 1 | അബ്ദുറഹ്മാൻ | വാർദ്ധക്യ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230200021 | 2022 ഒക്ടോബർ |
| 2 | പാത്തുമ്മേയി സി. പി | വാർദ്ധക്യ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230200116 | 2023 ജനുവരി |

| | | | |
|---|---|---|---|
| 3 | പാത്തുമ്മ | വാർദ്ധക്യ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230200157 | 2022 ഡിസംബർ |
| 4 | നാരായണി കെ. കെ | വാർദ്ധക്യ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230200186 | 2023 ജനവരി |

സഹകരണ സ്ഥാപനങ്ങൾ വഴി പെൻഷൻ തുക വിതരണം ചെയ്യപ്പെട്ടിരുന്ന മേൽ ഗുണഭോക്താക്കളുടെയെല്ലാം നിലവിലെ പെൻഷൻ സ്റ്റാറ്റസ് "ആക്റ്റീവ്" എന്നാണ് സേവനയിൽ കാണിക്കുന്നത്. മരണപ്പെട്ടതായി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെട്ടതിന് ശേഷവും ഇവരുടെ 2023 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി നൽകുകയും തുക കൈമാറാൻ സാധിച്ചില്ല എന്ന് സ്ഥാപനത്തിന്റെ റിമാർക്ക്സ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവസാനമായി 2023 ഏപ്രിൽ മാസത്തെ പെൻഷൻ തുക വിതരണത്തിനായി സഹകരണ ബാങ്കിന് നൽകിയിട്ടുണ്ടെങ്കിലും തുടർ വിവരങ്ങളൊന്നുമില്ല.

3) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതാണെന്നും, ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022 ഡിസംബർ മാസം മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ, പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്യാതിരുന്ന 195 ഗുണഭോക്താക്കളിൽ 157 പേർ മരണപ്പെട്ടതായി മെമ്പർമാർ മുഖേന നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവരുടെ മരണ തീയതിയും, ഗുണഭോക്താക്കളുടെ മരണത്തിന് ശേഷം അവകാശികളോ അല്ലാത്തവരോ ആയ ആരെങ്കിലും പെൻഷൻ അനധികൃതമായി കൈപ്പറ്റിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരവും ലഭ്യമല്ല. സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തുക വല്ലതും തട്ടിയെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയത് തിരിച്ചു പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല.

4) ഗ്രാമപഞ്ചായത്തിൽ നിന്ന് താമസം മാറിയതിനെ തുടർന്ന് നിലവിൽ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നതിനായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികളെടുക്കുന്നില്ല. താഴെ പറയുന്ന ഗുണഭോക്താക്കൾ പെൻഷൻ ട്രാൻസ്ഫറിനായി 2022 ഫെബ്രുവരി മാസത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് ഇതു വരെയും നടപടിയെടുത്തിട്ടില്ല.

| ക്രമ നം. | പേര് | പെൻഷൻ വിവരങ്ങൾ | നിലവിൽ താമസിക്കുന്ന തദ്ദേശസ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|---|
| 1 | നഫീസ കെ. കെ | വിധവ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230600626<br>(ഡയറക്റ്റ് ടു ഹോം - സഹകരണ ബാങ്ക് മുഖേന) | കോട്ടൂർ ഗ്രാമപഞ്ചായത്ത് | 20.02.23 |

| | | | | |
|---|---|---|---|---|
| 2 | നസീറ | വിധവ പെൻഷൻ<br>പെൻഷൻ ഐ.ഡി - 112230601112<br>(ബാങ്ക് അക്കൗണ്ട് മുഖേന) | പനങ്ങാട്<br>ഗ്രാമപഞ്ചായത്ത് | 21.02.23 |

5) ഗുണഭോക്താവ് മരണപ്പെട്ടാൽ അവരുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാറിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണെന്ന് 02.08.2021ലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളിൽ നിന്ന് സത്യപ്രസ്താവനകൾ വാങ്ങി വയ്ക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2022-23 തീയതി 14.08.2023) മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതും, അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-23 വർഷങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ മുൻകൂർ തുകകൾ അഡ്ജസ്റ്റ് ചെയ്തില്ല

കട്ടിപ്പാറ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് 2009-10 സാമ്പത്തിക വർഷം നൽകിയ മുൻകൂറുകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്യുകയോ, അവരിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തി | തുക |
|---|---|---|---|
| 1 | ജയപ്രകാശ് | കല്ലുള്ളതോട് – മിച്ചഭൂമി ഫൂട്ട്പാത്ത് റിപ്പയർ | 12500 |
| 2 | വി. കെ. അബ്ദുള്ള | തങ്ങൾകുന്ന് കുടിവെള്ള പദ്ധതി | 75000 |
| 3 | പി. എം. ചന്ദ്രൻ | വെള്ളിയോർമല പാത്ത് വേ | 12500 |
| 4 | സുരേഷ് പൂതാടിക്കൽ | ചെമ്പുകര - വയലുംതല പാലം | 53750 |
| ആകെ | | | 1,53,750 |

ഇക്കാര്യം 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പാർട്ടിലും (ഖണ്ഡിക 1-21) പരാമർശിച്ചിരുന്നെങ്കിലും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പതിമൂന്ന് വർഷം കഴിഞ്ഞിട്ടും മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യുകയോ ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും ഉത്തരവാദികളായവരിൽ നിന്ന് നിയമാനുസൃത പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി - കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല – പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

പ്രോജക്ട് :- അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം, 171/23

നിർവ്വഹണം :- അസി. എഞ്ചിനീയർ

അടങ്കൽ :- 25,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് :- 13,58,285/- ബിൽ നം. 415/30.3.22

6,36,648/- ബിൽ നം. 213/9.2.23

2021-22 വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണിത്. എം.സി.എഫിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിലൂടെ കടന്നു പോകുന്ന തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടി സ്ഥലം മണ്ണിട്ടുയർത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൾ സലീം എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കരാറുകാരന്റെ മണ്ണുപയോഗിച്ച് സ്ഥലം ഫിൽ ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നത് PRICE ലെ ഇനം 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവ ഫിൽ ചെയ്യുന്നതിനുള്ള ഇനമാണെന്ന് വ്യക്തമാകുന്നു. എന്നാൽ അളവു പുസ്തകം, ലെവൽ ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും 20 X 37.5 (Avrg) മീറ്റർ, 16 X 34.5 (Avrg) മീറ്റർ, 20 X 23.5 (Avrg) മീറ്റർ എന്നീ അളവുകളിൽ ഏകദേശം ഒന്നര മീറ്റർ ഉയരത്തിലാണ് ഫില്ലിംഗ് നടന്നിരിക്കുന്നത്. ഇത്തരത്തിൽ വലിയ ഏരിയയിൽ ഫില്ലിംഗിനായി PRICE ലെ ഇനം 50.2.26.1 ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇനം 50.2.25.1 ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഇത്തരത്തിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം 50.2.25.1 ഉൾപ്പെടുത്തിയതിനാൽ ചെലവ് | ഇനം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് |
|---|---|
| എസ്റ്റിമേറ്റ് നിരക്ക് - 407.92<br>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് - 275 (32.58% കുറവ്)<br>ചെയ്ത ആകെ അളവ് - 2356.568 $M^3$<br>ചെലവ് - 2356.568 X 275= 6,48,056.2 | 50.2.26.1 ന്റെ നിരക്ക് - 261.12 (ടെണ്ടർ കുറവ് കണക്കാക്കാതെ)<br>വരുമായിരുന്ന ചെലവ് - 2356.568 X 261.12 = 6,15,347.04 |
| അധിക ചെലവ് - 32,709/- | |

മുകളിൽ കണക്കാക്കിയത് ടെണ്ടർ കുറവ് ലഭിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്താൽ ഒഴിവാക്കാമായിരുന്ന അധിക ചെലവാണ്. കരാറുകാരൻ ഫില്ലിംഗിന് ക്വാട്ട് ചെയ്ത 32.58% ടെണ്ടർ കുറവ് പരിഗണിച്ചാൽ ഈ നഷ്ടം 2,33,182.4/- രൂപയായി മാറും.

അളവു പുസ്തകം 81/21-22 പേജ് 3 (അളവ് തിയ്യതി 1.1.22), 40/21-22 പേജ് 2(അളവ് തിയ്യതി 10.3.22) എന്നിവ പ്രകാരം യഥാക്രമം 50.88$m^3$, 16.18$m^3$ മണ്ണ് കുഴിച്ചുമാറ്റിയിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയപ്പോൾ (അളവ് തിയ്യതി 14.3.22) 50.88 $M^3$ അളവു മാത്രമേ കുറവു വരുത്തിയിട്ടുള്ളൂ. ആയതിനാൽ ഫില്ലിംഗിന് അധിക ചെലവുണ്ടായി. അളവു പുസ്തകം 81/21-22 പേജ് 18 പ്രകാരം കണക്കാക്കിയതും, യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നതുമായ വിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക (പാർട്ട് ബില്ലിനായി കണക്കാക്കിയത്) | യഥാർത്ഥത്തിൽ കണക്കാക്കേണ്ട തുക |
|---|---|
| ആകെ അളവ് - $1976.75M^3$<br>കുറയ്ക്കുക(കുഴിച്ചെടുത്ത മണ്ണ്) - $50.88M^3$<br>1925.87<br>(-)10% Consolidation - 192.59<br>1733.28<br>നൽകിയ തുക = 1733.28 X 275 =476,652/- | ആകെ അളവ് - $1976.75M^3$<br>കുറയ്ക്കുക(കുഴിച്ചെടുത്ത മണ്ണ്)-$50.88+16.18M^3$<br>1909.69<br>(-)10% Consolidation - 190.97<br>1718.72<br>നൽകേണ്ട തുക = 1718.72 X275 =472648/- |
| അധികം നൽകിയ തുക - 4,004/- | |

മുകളിൽ വിവരിച്ച വിധം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, കുഴിച്ചെടുത്ത മണ്ണ് മുഴുവനായി ഫില്ലിംഗിന് ഉപയോഗപ്പെടുത്താതിരുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, മേൽ രണ്ട വിധത്തിൽ പഞ്ചായത്തിനുണ്ടായ അധിക ചെലവ് തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവ് രേഖപ്പെടുത്തി തുക നൽകിയതുമായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 07.08.2023 & 08.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 525000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 525000 | 0 |
| | | 480000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 480000 | 0 |
| | | 1958000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1958000 | 0 |
| | | 660000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 660000 | 0 |
| കോഴിക്കോട് | 2022-23 | 250000 | കറവപശുക്കൾക്ക് | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | | കാലിത്തീറ്റ സബ്സിഡി | | |
| | | 500000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 | 0 |
| | | 1340000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 1340000 | |
| | | 4000000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 4000000 | 0 |
| | | 200000 | ലൈഫ് ഭവന പദ്ധതി (എസ്.റ്റി) | 200000 | |
| | | 220000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 220000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

തൻവർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018/ ത.സ്വ.ഭ.വ തീയതി-18.05.2018 | 2505000 | 6348001 | 2427376 | -- | 6425625 |

## 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/തീയതി |
|---|---|---|---|---|
| 1 | 2021-22/1-24 | 8765 | ശ്രീ അഹമ്മദ് മുനീർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11220102627/ 06.02.2023 |
| 2 | 2009-10/3-2 | 3640 | ശ്രീ കെ.ആർ രാജൻ, മെമ്പർ | 11220103260/ 07.02.2023 |
| 3 | 2009-10/3-2 | 3640 | ശ്രീമതി സാലി ഇമ്മാനുവൽ, മെമ്പർ | 11220100077/ 28.04.2022 |
| 4 | 2009-10/3-2 | 3640 | ശ്രീ സെയ്തുട്ടി ഹാജി, മെമ്പർ | 11220100615/ 13.07.2022 |
| 5 | 2009-10/3-9 | 6750 | കൺവീനർ, കാറ്റാടിക്കുന്ന് കുടിവെള്ള പദ്ധതി | 11220100223/ 23.05.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | തുടരുന്ന |
| - | - | 2013-14 (അവലോകനം) | 6.4.1 | തെരുവ് വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | തുടരുന്ന |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്ന |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തുടരുന്ന |
| 2019-20 | 1-26 | 2020-21 | അനുബന്ധം-2(30) | മെഡിക്കൽ ഓഫീസർ (ആയുർവേദം) പ്രൊജക്റ്റ് | തുടരുന്ന |

## 4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സർട്ടിഫിക്കറ്റ് നം | ഉത്തരവാദി | തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 2009-10/ 3-2 | കെ.എസ്.എ.3621/സ്പെ.സെൽ /സി.എസ്.സി/ഡി2/2016 തീയതി 08.12.2016 | ശ്രീ. അബ്ദുൾ കരീം, മെമ്പർ | 3640 | - |
| 2009-10/ 3-2 | | ശ്രീ. സത്യൻ, മെമ്പർ | 3640 | |
| 2009-10/ 3-2 | | ശ്രീ. ഇ. കെ അഗസ്റ്റിൻ, മെമ്പർ | 3640 | |
| 2009-10/ 3-2 | | ശ്രീമതി. സാലി ഇമ്മാനുവൽ, മെമ്പർ | 3640 | രശീതി നം. 1220100077 തീയതി 28.04.2022 |
| 2009-10/ | | ശ്രീ. | 3640 | രശീതി |

| | | | | |
|---|---|---|---|---|
| 3-2 | | സെയ്തൂട്ടി ഹാജി, മെമ്പർ | | നം. 1220100615 തീയതി 13.07.2022 |
| 2009-10/ 3-2 | | ശ്രീ. കെ. ആർ രാജൻ, മെമ്പർ | 3640 | രശീതി നം. 1220103260 തീയതി 07.03.2023 |

4-10 ഓഡിറ്റ് പ്രത്യവലോകനം

.(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 40863593 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 35652852 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36,713 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,84,343 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 36,713 (32709 + 4004) | ശ്രീ. അഹമ്മദ് മുനീർ എം, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 1-19 | 2,84,343 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| ആകെ | 2,84,343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. എ. റഷീദ്, സെക്രട്ടറി | സെക്രട്ടറി, മടവൂർ ഗ്രാമപഞ്ചായത്ത് | ചെറിയങ്ങേൽ (വീട്), എളേറ്റിൽ (പി. ഒ), കൊടുവള്ളി, കോഴിക്കോട് |
| ശ്രീ. അഹമ്മദ് മുനീർ എം, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | അഹമ്മദ് മുനീർ.എം മഞ്ചര (H),കക്കാട്, കാരശ്ശേരി-പി.ഒ പിൻ-673602 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/379(2)/2022 തീ-26-10-22 | 1 | 3-2 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/379(5)/2022 തീ-26-10-22 | 1 | 2-2 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/379(6)/2022 തീ-26-10-22 | 2 | 2-4(1), 2-4(2) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി1/379(7)/2022 തീ-26-10-22 | 5 | 3-4,3-5, 3-6, 3-7, 3-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി1/379(8)/2022 തീ-26-10-22 | 4 | 2-1, 2-2(3), 3-5, 3-7 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി1/379(9)/2022 തീ-26-10-22 | 9 | 1-3, 1-10, 1-11,1-15, 1-21, 1-23, 1-24, 1-38, 3-1, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. | 16 | 1-2-1, 1-2-4, 1-4-1, |

| | | | |
|---|---|---|---|
| | പി1/954/2021<br>തീ-20.04.2022 | | 1-4-2,1-10,<br>1-17, 1-18, 1-19, 1-20,<br>1-21, 1-22, 1-25, 1-26,<br>4-2, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/1574/2022<br>തീ-29.05.2023 | 20 | 1-2-1(2),(3),(4),<br>(5),(6),(8),(9), 1-4-1,<br>1-7-1, 1-10, 1-11, 1-14,<br>1-15, 1-16(1), (4), 1-18,<br>1-21, 1-22, 1-23, 1-25,<br>1-26, 1-27, 1-28,<br>1-29, 2-1,4-8, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/172/2023<br>തീ-24.02.2023 | 26 | 1-1 മുതൽ 1-27 വരെ,<br>3-1, 4-1 മുതൽ 4-11<br>വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 10/1 dated 27-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kattippara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kattippara Grama Panchayat for the year 2022-2023

Date: 19/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Kattippara Grama Panchayat for the Year 2022-2023.

**1.Major Observations**

1. Amount used for asset creation wrongly booked as revenue expenditure

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted âÂÂÂÂÂÂ 1) Basic Ratios 2) Note to Accounts

2. Cash Flow Statement Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3. Lapses in making timely and accurate demand entries in respesct of tax and non-tax revenues

4. Demand registers are not periodically reconciled with accounts

5. Detalis regarding the Beneficiary contribution amount shown in the Balance sheet not provided

6. Directly Debited by Bank - Furthur action not taken

7. Cheques deposited in the Bank are not credited

8. The following registers are not maintained 1) Tender form sale register 2) Auction register 3) DCB register for profession tax from traders

9. Asset Register not matches with Accounts

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്